# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 09.08.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. രാജ്യത്തെ 334 രാഷ്ട്രീയ കക്ഷികളുടെ രജിസ്ട്രേഷൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി. കേരളത്തിൽ അംഗീകാരം നഷ്ടപ്പെട്ടത് 7 പാർട്ടികൾക്ക്.

   **ECI Delists 334 RUPPs; In Kerala, 7 parties lost their recognition.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കർണാടക സന്ദർശിക്കും; മൂന്നു വന്ദേ ഭാരത് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യും.

   **PM Modi to Visit Karnataka Tomorrow; To Flag Off Three Vande Bharat Trains**

3. ഓപ്പറേഷൻ സിന്ദൂറിനിടെ പാകിസ്ഥാന്റെ ആറ് വിമാനങ്ങൾ ഇന്ത്യ വെടിവച്ചിട്ടതായി വ്യോമസേനാ മേധാവി.

   **Six Pakistani aircraft, including 5 fighter jets, downed by Indian Air Force during Operation Sindoor, says, Air Chief Marshal A P Singh.**

4. പട്ടിക വർഗ വികസന വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

   **Chief Minister Pinarayi Vijayan inaugurated the state-level celebrations of the 50th anniversary of the Scheduled Caste Development Department.**

5. രാജ്യത്തിൻ്റെ പ്രതിരോധ കയറ്റുമതി അടുത്ത മൂന്നു വർഷത്തിൽ ഇരട്ടിയാകുമെന്ന് കേന്ദ്രസർക്കാർ.

**India's Defence Exports Reach ₹23,000 Crore, Set to Double in the Next 2-3 Years**

6. ഏഷ്യൻ സർഫിങ് ചാമ്പ്യൻഷിപ്പ് സെമി ഫൈനലിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യൻ താരങ്ങളായി രമേഷ് ബുദിഹാലും കിഷോർ കുമാറും.

**Ramesh Budihal and Kishore Kumar become first Indians to reach semifinals of Asian Surfing Championships in Mahabalipuram.**

**&&&&&&&&&&&&&&&**

## ECI-DELISTED PARTIES

രാജ്യത്തെ 334 രാഷ്ട്രീയ കക്ഷികളുടെ രജിസ്ട്രേഷൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി. സംഭാവനകൾ സ്വീകരിക്കാനുള്ള അനുമതിയും ആദായ നികുതി ഇളവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഈ കക്ഷികൾക്ക് നഷ്ടമാകും. കേരളത്തിൽ അംഗീകാരം നഷ്ടപ്പെട്ടത് 7 പാർട്ടികൾക്കാണ്. ആർ.എസ്.പി.(ബി), ആർ.എസ്.പി.ഐ (എം), സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി, സെക്കുലർ റിപ്പബ്ലിക്കൻ ഡെമോക്രാറ്റിക് പാർട്ടി, ദേശീയ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, നാഷണൽ ഡെമോക്രാറ്റിക് പാർട്ടി സെക്കുലർ, നേതാജി ആദർശ് പാർട്ടി എന്നിവയുടെ അംഗീകാരമാണ് റദ്ദാക്കിയത്.

**&&&&&&&&&&&&&&&**

## PM KARNATAKA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കർണാടക സന്ദർശിക്കും. ബെംഗളൂരു മെട്രോ യെല്ലോ ലൈൻ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, മെട്രോ മൂന്നാംഘട്ട പദ്ധതിക്കും തറക്കല്ലിടും. ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

&&&&&&&&&&&&&&&

**REV. PM-KAKORI**

കാക്കോരി സംഭവത്തിന്റെ നൂറാം വാർഷികദിനമായ ഇന്ന്, വിപ്ലവകാരികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലിയർപ്പിച്ചു. നൂറുവർഷംമുമ്പ്, ഉത്തർപ്രദേശിലെ കാക്കോരിയിൽ ഇന്ത്യക്കാർ പ്രകടിപ്പിച്ച ധൈര്യം, കോളനിവാഴ്ചയ്ക്കെതിരായ ജനങ്ങളുടെ വിദ്വേഷം എടുത്തുകാട്ടിയെന്നു പ്രധാനമന്ത്രി പറഞ്ഞു. സ്വാതന്ത്ര്യസമരത്തിലെ ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായിരുന്നു 'കാക്കോരി ട്രെയിൻ സംഭവ 'മെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടു.1925 ഓഗസ്റ്റ് 9-ന് കാക്കോരി റെയിൽവേ സ്റ്റേഷന് സമീപം ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ വിപ്ലവകാരികൾ, ട്രെയിൻ തടഞ്ഞുനിർത്തി ബ്രിട്ടീഷ് ഗവൺമെന്റ് ട്രഷറിയുടെ പണം കൊള്ളയടിച്ചതാണ് സംഭവം.

&&&&&&&&&&&&&&&

**KARNATAKA - AIR CHIEF- INTRO**

ഓപ്പറേഷൻ സിന്ദൂറിനിടെ പാകിസ്ഥാന്റെ അഞ്ച് യുദ്ധവിമാനങ്ങളും ഒരു നിരീക്ഷണ വിമാനവും ഇന്ത്യ വെടിവച്ചിട്ടതായി വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിങ്. ബെംഗളൂരുവിൽ 16-ാമത് എയർ ചീഫ് എൽ എം കട്രേ അനുസ്മരണ പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാകിസ്ഥാന്റെ ഷാബാസ് ജേക്കബാബാദ് വ്യോമതാവളത്തിന് നേരെയുള്ള ആക്രമണങ്ങളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

(വോയിസ്)

&&&&&&&&&&&&&&&

**VOTERS LIST - KERALA**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിൻറെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ നാളെയും പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

**&&&&&&&&&&&&&&&&**

## C M KERALA - INTRO

പട്ടിക വിഭാഗക്കാർക്ക് മികച്ച സാമൂഹ്യനിലവാരത്തോടെയുള്ള ജീവിതം ഉറപ്പുവരുത്താൻ കേരള സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പട്ടിക വർഗ വികസന വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ് വോയിസ്)

തദ്ദേശീയ ജനതയ്ക്ക് ദോഷകരമാകുന്ന ഉള്ളടക്കങ്ങൾ, എ ഐ സാങ്കേതിക വിദ്യയിലൂടെ നിർമ്മിക്കപ്പെടുന്നത് തടയാൻ നടപടികൾ സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&**

## INDIA S DEFENCE EXPORTS

ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി കഴിഞ്ഞ വർഷം 23,000 കോടി രൂപയിലെത്തിയെന്നും അടുത്ത രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ ഇത് ഇരട്ടിയാകുമെന്നും പ്രതിരോധ ഗവേഷണ വികസന സെക്രട്ടറി ഡോ. സമീർ കാമത്ത്. ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ടെക്നോളജിയുടെ 14-ാമത് ബിരുദദാന ചടങ്ങിനുശേഷം പുണെയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധ വ്യവസായത്തിന്റെയും അക്കാദമിക് സ്ഥാപനങ്ങളുടെയും

പിന്തുണയോടെ മികവിന്റെ 15 കേന്ദ്രങ്ങൾ ഒരുങ്ങുന്നതായും ഡോ. സമീർ കാമത്ത് പറഞ്ഞു.

&&&&&&&&&&&&&&&

## HAR GHAR THIRANGA

79-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" യജ്ഞം പുരോഗമിക്കുന്നു. ഓഗസ്റ്റ് 15 വരെയാണ് യജ്ഞം. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കും.

&&&&&&&&&&&&&&&

## PM SANSKRIT DAY

ഇന്ന് ലോക സംസ്കൃത ദിനം. സംസ്കൃതത്തിൻറെ പുനരുജ്ജീവനവും പരിപാലനവും പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. സംസ്കൃതം അറിവിൻറേയും ആവിഷ്കാരത്തിൻറേയും കാലാതീതമായ ഉറവിടമാണെന്ന് ദിനാചരണ സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

&&&&&&&&&&&&&&&

## RAILWAYS RETURN JOURNEY

ട്രെയിൻ യാത്രക്കാർക്ക് മടക്കയാത്രകളിൽ 20 ശതമാനം കിഴിവ് നൽകുന്ന റൗണ്ട് ട്രിപ്പ് പാക്കേജ് നടപ്പാക്കുമെന്ന് റെയിൽവേ മന്ത്രാലയം. യാത്രക്കും മടക്കയാത്രക്കുമായി ഒരേ യാത്രക്കാരുടെ പേരിൽ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോഴാണ് ഇത് ബാധകമാകുന്നത്. പദ്ധതിപ്രകാരം ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് റീഫണ്ട് നൽകില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&

## KASARAGOD - INTRO

ലോക തദ്ദേശീയ ദിനമായ ഇന്ന് സംസ്ഥാനത്തെ ജില്ലകളിലെ വിവിധ ഗോത്ര കലാരൂപങ്ങളുടെ സംഗമസ്ഥാനമായി കാസർഗോട്ടെ കുറ്റിക്കോൽ ഗ്രാമം മാറി. കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കുന്ന **ജനഗൽസ** പദ്ധതിയുടെ ഭാഗമായാണ് കലാകാരൻമാർ അണിചേർന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**

(വോയിസ്)

**&&&&&&&&&&&&&&&**

## PALAKKAD DEATH

പാലക്കാട് ചിറ്റൂർ പുഴയിൽ കുളിക്കാനിറങ്ങിയ രണ്ടു വിദ്യാർത്ഥികൾ മുങ്ങിമരിച്ചു. കോയമ്പത്തൂർ കർപ്പകം കോളേജ് വിദ്യാർത്ഥികളും തമിഴനാട് സ്വദേശികളുമായ ശ്രീഗൗതം, അരുൺകുമാർ എന്നിവരാണ് മരിച്ചത്.

**&&&&&&&&&&&&&&&**

## SURFING

ഏഷ്യൻ സർഫിങ് ചാമ്പ്യൻഷിപ്പിന്റെ പുരുഷ വിഭാഗം സെമിഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യക്കാരായി രമേശ് ബുദിഹാലും കിഷോർ കുമാറും. മഹാബലിപുരത്ത് നടന്ന ക്വാർട്ടർ ഫൈനലിൽ ബുദിഹാൽ 14.84 ഉം, കിഷോർ 10.50 ഉം സ്കോർ നേടിയാണ് സെമിയിലെത്തിയത്.

**&&&&&&&&&&&&&&&**

## ABDURAHIMAN

അർജന്റീന ഫുട്ബോൾ ടീമിന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങൾ നടത്തുന്ന പ്രചാരണങ്ങൾ വസ്തുതകൾ മനസ്സിലാക്കാതെയാണെന്ന് കായികമന്ത്രി വി. അബ്ദുറഹിമാൻ. കേരളത്തിൽ സൗഹൃദമത്സരത്തിന് വരില്ലെന്ന് അർജന്റീന ഫുട്ബോൾ അസോസിയേഷൻ ഇതുവരെ അറിയിച്ചിട്ടില്ല. ഈ വർഷം ഒക്ടോബറിലാണ് മത്സരം നിശ്ചയിച്ചിരുന്നത്. ഇത് 2026 ലേക്ക് മാറ്റണമെന്ന് AFA ആവശ്യപ്പെട്ടു. അതു സമ്മതമല്ലെന്ന് അവരെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## NEHRU BOAT RACE

71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം പുറത്തിറക്കി. വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടിയാണ് ഇത്തവണത്തെ ഭാഗ്യചിഹ്നം. ഈ മാസം 30 നാണ് വള്ളം കളി.

&&&&&&&&&&&&&&&

## UTTARKASHI - RESCUE

ഉത്തരാഖണ്ഡിൽ ഉത്തരകാശി ജില്ലയിലെ ധരാലി-ഹർസിൽ ദുരന്തബാധിത മേഖലയിൽ, ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങൾ വലിയ തോതിൽ പുരോഗമിക്കുന്നു. ഇതുവരെ 775 പേരെ രക്ഷപ്പെടുത്തി. അവശ്യ ദുരിതാശ്വാസ സാമഗ്രികൾ ഹെലികോപ്റ്റർവഴി ദുരിതബാധിത പ്രദേശങ്ങളിലേക്ക് എത്തിക്കുന്നു. വൈദ്യുതി, ജലവിതരണം, ആരോഗ്യസംരക്ഷണം, റോഡുഗതാഗതം എന്നിവ പുനഃസ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&

## WORLD LION DAY

നാളെ ലോക സിംഹദിനം. ദിനാചരണത്തോട് അനുബന്ധിച്ച് ഗുജറാത്തിലെ ബർഡ വന്യജീവി സങ്കേതത്തിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും പങ്കെടുക്കും. 180 കോടി രൂപയുടെ വന്യജീവി സംരക്ഷണ പദ്ധതിക്ക് നാളെ തുടക്കം കുറിക്കും.

&&&&&&&&&&&&&&&

## IMD-WEATHER

ഡൽഹിയിലും പരിസര പ്രദേശങ്ങളിലും, മിതമായതോ കനത്തതോ ആയ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഓറഞ്ച് മുന്നറിയിപ്പും നൽകിയിട്ടുണ്ട്. ഇന്നലെ രാത്രി മുതൽ പ്രഗതി മൈതാനത്ത് നൂറ് മില്ലിമീറ്ററിലധികം മഴ ലഭിച്ചതായാണ് കണക്ക്. അടുത്ത 2-3 ദിവസങ്ങളിൽ വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ കനത്ത മഴയ്ക്കു സാധ്യതയുണ്ട്.

&&&&&&&&&&&&&&&

## DARPG-NAeG

2026 ലെ 23-ാമത് ദേശീയ ഇ-ഗവേണൻസ് പുരസ്കാരങ്ങൾക്കുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഭരണപരിഷ്കാര, പൊതു പരാതി പരിഹാര വകുപ്പ് പുറത്തിറക്കി. ദേശീയ ഇ-ഗവേണൻസ് പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ സെപ്റ്റംബർ 1 മുതൽ www.nceg.gov.in വെബ് പോർട്ടലിൽ സമർപ്പിക്കാമെന്ന് മന്ത്രാലയം അറിയിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 15.

&&&&&&&&&&&&&&&

&&&&&&&&&&

&&&